"ഭരണഭാഷ-മാതൃഭാഷ"

അടിയന്തിര പ്രാധാന്യം

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ : ഇ2/11045/15

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം,തീയതി : 09.10.15

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-87-മോഡണൈസേഷൻ-2014-2015 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നല്കിയതിന്റെ പെന്റിംഗ് പേയ്മെന്റിനുള്ള അലോട്ട്മെന്റും അനുമതിയും ഓൺ ലൈൻ മുഖാന്തിരം നല്കുന്നത്- സംബന്ധിച്ച്

*******

2014-2015 സാമ്പത്തിക വർഷത്തിൽ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നല്കിയതു പ്രകാരം 5 കോടി രൂപ പൂർണ്ണമായും ചെലവഴിക്കുവാൻ കഴിയും എന്ന ഉറപ്പിൻമേൽ സർക്കാരിലേക്ക് 2015 മാർച്ചിൽ ശുപാർശ അയക്കുകയും, സർക്കാർ ടി തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ട് (ELA) വഴി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ടി തുകകൾ പൂർണ്ണമായും അടിയന്തിരമായി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അനുവദിച്ചിട്ടുള്ള വിതരണ ഉത്തരവുകൾ പ്രകാരം ചെലവഴിയ്ക്കേണ്ടതുണ്ട്. ഓരോ ഐ.ടി.ഐകളിലും തൃപ്തികരമായി വിതരണം പൂർത്തിയാക്കിയ കമ്പനികൾക്ക് ഇനിയും തുക ഓൺലൈൻ വഴി അനുവദിക്കുന്നതിന് ആവശ്യമായ വിശദവിവരങ്ങൾ താഴെ ചേർത്തിട്ടുള്ള മാതൃകാ ഫോറത്തിൽ ഉൾപ്പെടുത്തി (പട്ടിക 1) 20.10.2015 ന് മുൻപ് ഡയറക്ടറേറ്റിൽ നിർബന്ധമായും അയച്ചുതരേണ്ടതാണ്. ഇതിന്റെ ഒരു പകർപ്പ് purchasedt@gmail.com എന്ന വിലാസത്തിലും അയച്ചുതരേണ്ടതാണ്. ടി പ്രൊപ്പോസൽ ഡയറക്ടറേറ്റിലെ പർച്ചേസ് വിഭാഗത്തിൽ നിശ്ചിത തീയതിക്കുള്ളിൽ ലഭിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## പട്ടിക I

2014–2015 സാമ്പത്തിക വർഷത്തിൽ മോഡണൈസേഷൻ
ശീർഷകത്തിൽ നൽകിയ വിതരണ ഉത്തരവുകളുടെ വിശദ വിവരം

ഐ.ടി.ഐയുടെ പേര്

ശീർഷകം

| ക്രമ നമ്പർ | വിതരണ ഉത്തരവ് നമ്പർ, തീയതി | കമ്പനിയുടെ പേര് | തൃപ്തികരമായി വിതരണം നടത്തിയ തീയതി | കമ്പനിയ്ക്ക് അർഹമായ തുക പിഴ പലിശയോ, മറ്റെന്തെങ്കിലും തുകയോ കുറവു ചെയ്യുവാൻ ഉണ്ടെങ്കിൽ ആയവ കുറവു ചെയ്തതിനു ശേഷമുള്ള തുക | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| ആകെ തുക | | | | | |

2014–2015 സാമ്പത്തിക വർഷത്തിൽ കമ്പനികൾ തൃപ്തികരമായി സാധനങ്ങൾ വിതരണം നടത്തിയില്ലായെങ്കിൽ താഴെപറയുന്ന പട്ടിക II പ്രകാരം വിശദാംശം അയച്ചുതരേണ്ടതാണ്.

## പട്ടിക II

ഐ.ടി.ഐയുടെ പേര്

| ക്രമ നമ്പർ | വിതരണ ഉത്തരവ് നമ്പർ, തീയതി | കമ്പനിയുടെ പേര് | കമ്പനി സാധനങ്ങൾ വിതരണം നടത്തേണ്ടിയിരുന്ന തീയതി | സാധനം സംഭരിക്കുവാൻ താങ്കൾ കമ്പനിയുമായി കത്തിടപാടുകൾ നടത്തിയതിന്റെ പകർപ്പുകൾ | |
|---|---|---|---|---|---|
| | | | | | |
| | | | | | |
| ആകെ | | | | | |

2013–2014 ലോ അതിനു മുൻപോ ഉള്ള വർഷങ്ങളിൽ പെന്റിംഗ് പേയ്മെന്റ് നല്കുവാൻ ഡയറക്ടറേറ്റിൽ നിന്നും അനുമതി നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പട്ടിക III ൽ ഉൾപ്പെടുത്തി അയച്ചുതരേണ്ടതാണ്.

പട്ടിക III

| ക്രമ നമ്പർ | വിതരണ ഉത്തരവ് നമ്പർ, തീയതി | കമ്പനിയുടെ പേര് | നല്കിയ തീയതി | ട്രഷറിയിൽ നിന്നും തുക മാറിയ തീയതി |
|---|---|---|---|---|
| | | | | |
| | | | | |
| ആകെ | | | | |

വിതരണ ഉത്തരവുകൾ ഒന്നും ലഭിക്കാത്ത ഐ.ടി.ഐ പ്രിൻസിപ്പാൾമാർ നിൽ റിപ്പോർട്ട് നിർബന്ധമായും അയച്ചുതരേണ്ടതാണ്. അതോടൊപ്പം 30.09.2015 വരെ 2014-2015 സാമ്പത്തിക വർഷത്തിൽ പെന്റിംഗ് പേയ്മെന്റ് നല്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുക ട്രഷറിയിൽ നിന്നും മാറിയതിന്റെ വിശദാംശം താഴെപ്പറയുന്ന പട്ടിക IV -ൽ ഉൾപ്പെടുത്തി അയച്ചുതരേണ്ടതാണ്.

പട്ടിക IV

| ക്രമ നമ്പർ | 30.09.2015 വരെ ട്രഷറിയിൽ നിന്നു മാറിയ അതേ തുക. നമ്പർ, തീയതി | ട്രഷറിയിൽ നിന്നു ബിൽ പാസായ തീയതി |
|---|---|---|
| | | |
| | | |
| ആകെ | | |

2014-2015 സാമ്പത്തിക വർഷത്തെ പെന്റിംഗ് പേയ്മെന്റ് നല്കുന്നതിനുള്ള ഫണ്ട് നർബന്ധമായും പർച്ചേസ് വിഭാഗത്തിൽ നിന്നും മാത്രമേ പാസാവൂ. എന്നാൽ 2015-2016 സാമ്പത്തിക വർഷത്തെ പേയ്മെന്റിനുള്ള അലോട്ട്മെന്റ് പ്ലാനിംഗ് സെക്ഷൻ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റിൽ അയച്ചു കൊടുത്ത് കമ്പനിയ്ക്ക് പേയ്മെന്റ് നല്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016 മാർച്ച് 31 വരെ മോഡണൈസേഷൻ ശീർഷകത്തിൽ ചെലവാകാത്ത തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതുള്ളതിനാൽ താങ്കളുടെ സ്ഥാപനത്തിലെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെ ടി വിവരങ്ങൾ മേൽ പരാമർശിച്ചിട്ടുള്ള മാതൃകാ ഫോറത്തിൽ യഥാസമയം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനായി നിയോഗിക്കേണ്ടതും ടിയാന്റെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള Posting order കവറിംഗ് ലെറ്റർ സഹിതം മടക്കത്തപാലിൽ അയച്ചു തരേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി